# Govt.Arts and science college kulathoor, Neyyattinkara

## Geography department -ഒരു കൈത്താങ്ങ്

ഗവ: ആർട്സ് & സയൻസ് കോളേജ് കുളത്തൂർ, നെയ്യാറ്റിൻകര 2018-19 അധ്യയന വർഷത്തിൽ ജോഗ്രഫി ഡിപ്പാർട്മെന്റ് ലെ വിദ്യാർത്ഥികൾ "ഒരു കൈത്താങ്ങ് " എന്ന ആശയത്തിന് തുടക്കം കുറിച്ചു. സ്റ്റാറ്റിസ്റ്റിക്സ് അദ്ധ്യാപികയായ ശ്രീമതി ഷീജയിൽ നിന്നും ചെറുവാരക്കോണം പാറശാല ബാലികഭവനെ കുറിച്ചറിയാൻ ഇടയായി.

ചെറുവാരക്കോണം CSI പള്ളിയുടെ കീഴിൽ നിർധനരായ പെണ്കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനമാണ് ബാലികാഭവൻ. അവിടെ 50 ഓളം വിവിധ ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾ താമസിക്കുന്നു. .അനാഥരായ കുട്ടികൾ ഉൾപ്പെടെ വിവിധ സാഹചര്യത്തിൽ നിന്നുള്ളവർക്ക് ഒരു സംരക്ഷണം ആണ് ഈ സ്ഥാപനം. ഭക്ഷണവും വസ്ത്രവും പഠനോപകരനങ്ങളും മറ്റും വിവിധ ജീവകാരുണ്യപ്രവർത്തകർവഴി അവിടെ എത്തുന്നുണ്ടെങ്കിലും വിദ്യാഭ്യാസപരമായ ഉന്നമനത്തിനായി മാർഗനിർദ്ദേശങ്ങളുടെ അഭാവം ഞങ്ങൾ മനസിലാക്കി. അതിനായി വേണ്ട നിർദ്ദേശങ്ങളും പഠനസഹായവും നൽകി അവരിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കാൻ "ഒരു കൈത്താങ്ങ് " എന്ന ആശയത്തിലൂടെ ഞങ്ങൾ മുന്നോട്ടുനീങ്ങി.

2019 സെപ്റ്റംബർ 21 ന് ബാലിലാഭവനിലെ നടത്തിപ്പുകാരുമായി ഈ ആശയം പങ്കുവയ്ച്ചു. ഇതിനായുള്ള സഹായവും സൗകര്യങ്ങളും അനുവദിക്കാമെന് സന്തോഷപൂർവം അവർ സമ്മതിച്ചു. അതിനുശേഷമുള്ള എല്ലാ ഒഴിവുദിവസങ്ങളിലും ആദിത്യ ലക്ഷ്മിയുടെ നേതൃത്വത്തിൽ " ഒരു കൈത്താങ്ങ്" യിലെ അംഗങ്ങൾ അവിടത്തെ കുട്ടികൾക്ക് അധ്യാപകരായി. വിവിധ ക്ലാസ്സുകളായിതിരിച്ചു ആദിത്യ ലക്ഷ്മി എ. എസ്.,

ദേവനാരായണൻ എസ്.ബി. , അപർണ സുരേഷ്, നിധി എസ്. ആർ , അഭിജിത് പി. സി. , ഡിബിൻ ദിവാകരൻ, അജയ് ദാസ് പി. , റെനിമോൾ എ. എൽ. തുടങ്ങിയവർ ടൈംടേബിൾ ക്രമീകരിച്ച് ക്ലാസ്സ്കൾ നടത്തിവന്നു.

അക്ഷരങ്ങൾ ഉൾപ്പെടെ അറിയാത്ത ഒരുപാടു കുട്ടികൾക്ക് "ഒരു കൈത്താങ്ങ് " വലിയ അനുഗ്രഹമായിമാറി. ക്ലാസ്സുകൾ എടുക്കുന്നതോടൊപ്പം അവരുടെ സങ്കടങ്ങൾ പങ്കുവയ്ക്കുകയും അവർക്ക് പ്രചോദനം നൽകുകയും ചെയ്തു. ഒരുവർഷം കൊണ്ടുതന്നെ അവരിൽ ഒരുപാട് മാറ്റം കൊണ്ട് വരാൻ സാധിച്ചു.

2017-20 ബാച്ച് വിദ്യാർത്ഥികൾ കോഴ്സ് കഴിയുന്നതിനാൽ 2020 മാർച്ച് 7 ന് കുട്ടികളുടെ ഇഷ്ടഭക്ഷണങ്ങൾ ചേർത്തുകൊണ്ടും സിനിമ പ്രദർധിപ്പിച്ചുകൊണ്ടും മറ്റു കലാപരിപാടികളോടൊപ്പം ഒരു സെലിബ്രേഷൻ ഡിപ്പാർട്മെന്റെല HOD ശ്രീ മനോജ്, മറ്റ് അദ്ധ്യാപകരായ ശ്രീമതി ഷീജ, ശ്രീമതി ദിവ്യ എന്നിവരും വിദ്യാർത്ഥികളും നടത്തുകയുണ്ടായി.



കൊറോണ എന്ന മഹാമാരി പടർന്നതിനാൽ ഈ പ്രവർത്തി തുടർന്നുകൊണ്ട്പോകാൻ സാധിച്ചിരുന്നില്ല. ഓൺലൈൻ ആയി ക്ലാസുകൾ എടുക്കുന്നതിനായി സൗകര്യങ്ങൾ അവിടെ ഇല്ലാത്തതിനാൽ അതും സാധിച്ചില്ല. എന്നാൽ കൂടി അവിടുത്തെ അധികാരികൾ വഴി കുട്ടിളെപ്പറ്റിയുള്ള വിവരങ്ങൾ അറിയുന്നു.